പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. റ്റി 2474 09.03.2018-ൽ മറുപടിക്ക്

# കൊച്ചി കപ്പൽ നിർമ്മാണശാലയിലുണ്ടായ പൊട്ടിത്തെറി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.ഹൈബി ഈഡൻ | ശ്രീ.ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) അഞ്ച് മലയാളികളുടെ മരണത്തിനിടയാക്കിയ കൊച്ചി കപ്പൽ നിർമ്മാണശാലയിലുണ്ടായ പൊട്ടിത്തെറിയെ സംബന്ധിച്ച് ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പ് അന്വേഷണം നടത്തിയിട്ടുണ്ടോ; | (എ) ഉണ്ട്. |
| ബി) പ്രസ്തുത അന്വേഷണത്തിൽ കണ്ടെത്തിയ കാര്യങ്ങൾ എന്തൊക്കെയാണ്; കപ്പൽ നിർമ്മാണശാല അധികൃതരുടെ ഭാഗത്ത് നിന്നും വീഴ്ച വന്നതായി കണ്ടെത്തിയിട്ടുണ്ടോ; | (ബി) വീഴ്ച കണ്ടെത്തിയിട്ടുണ്ട്. പ്രസ്തുത അന്വേഷണത്തിൽ ചുവടെ കൊടുത്തിരിക്കുന്ന നിയമലംഘനങ്ങൾ കപ്പൽശാല അധികൃതരുടെ ഭാഗത്തു നിന്നും നടന്നതായി കണ്ടെത്തിയിട്ടുണ്ട്.<br>**1.** കൊച്ചിൻ കപ്പൽശാലയിലെ ഡ്രൈഡോക്കിൽ അറ്റകുറ്റ പണികൾക്കായി വന്ന സാഗർ ഭൂഷൺ എന്ന കപ്പലിന്റെ മൂന്നാം ഡക്കിൽ ഓക്സി അസറ്റിലിൻ കട്ടിംഗിനായി ഉപയോഗിക്കുന്ന തുറന്നുകിടന്ന അസറ്റലിൻ ഗ്യാസിന്റെ ചലിക്കുന്ന ഹോസ് നീക്കം ചെയ്യാതിരിക്കുകയോ അല്ലെങ്കിൽ അടക്കാതിരിക്കുകയോ വഴി അസറ്റലിൻ ഗ്യാസ് ചോർച്ചയും പൊട്ടിത്തെറിക്കും കാരണമായിട്ടുണ്ട്. ആയത് അഞ്ച് പേരുടെ മരണത്തിനും 9 പേരുടെ പരിക്കിനും ഇടയാക്കിയിട്ടുണ്ട്. 1948- ലെ ഫാക്ടറി നിയമം സെക്ഷൻ 41 പ്രകാരം കേരള ഫാക്ടറീസ് റൂൾസ് 1956-ലെ റൂൾ 84 A(39)-ന്റെ ലംഘനം ഇക്കാര്യത്തിൽ ഉണ്ടായിട്ടുണ്ട്.<br>2. തൊഴിലാളികളുടെ സുരക്ഷിതത്വവും ആരോഗ്യവും ഉറപ്പുവരുത്താതെ ജീവന് ഭീഷണിയാകുന്ന തരത്തിൽ നിർമ്മാണ പ്രക്രിയ (Oxy-Acctyline Gas Cutting) നടത്താൻ അനുവദിക്കുകയും അതുവഴി 1948-ലെ ഫാക്ടറി നിയമം സെക്ഷൻ 41 നിഷ്കർഷിക്കുന്ന കേരള ഫാക്ടറീസ് റൂൾസ് 81 C ലംഘിച്ചിരിക്കുന്നു.<br>3. ടി ഫാക്ടറിയിലെ ഷിപ്പ് റിപ്പയറിംഗ് നിർമ്മാണ പ്രക്രിയയിൽ സേഫ്റ്റി വർക്ക് പെർമിറ്റ് പ്രകാരം തൊഴിൽ സ്ഥലം |

| | | | |
|---|---|---|---|
| | | | സുരക്ഷിതമാണെന്ന് ഉറപ്പുവരുത്താതെ തൊഴിലാളികളുടെ ജീവന് ഭീഷണിയാകുന്ന തരത്തിൽ അപകടകരമായ നിർമ്മാണ പ്രക്രിയ നടത്തിയ നടപടി 1948-ലെ ഫാക്ടറി നിയമം സെക്ഷൻ 7 A(2)(d) യുടെ ലംഘനമാണ്. |
| (സി) | മരണമടഞ്ഞവരുടെ കുടുംബാംഗങ്ങൾക്ക് സംസ്ഥാന സർക്കാർ എന്തെങ്കിലും ധനസഹായം നൽകിയിട്ടുണ്ടോ എന്ന് അറിയിക്കാമോ ? | (സി) | ഇല്ല |

സെക്ഷൻ ഓഫീസർ